ഭരണഭാഷ – മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്**

**തിരുവനന്തപുരം**

നമ്പർ.**DTETVM/7203/2026-EA1** തീയതി: 17-09-2026

<u>**പരിപത്രം**</u>

വിഷയം:- സാങ്കേതിക വിദ്യാഭ്യാസ വകുപ്പ്-സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം-ജീവനകാര്യം-സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലെ പ്രിൻസിപ്പൾ നിയമനം-AICTE മാനദണ്ഡങ്ങൾ പ്രകാരം സ്ക്രീനിംഗ്/സെലക്ഷൻ കമ്മിറ്റി രൂപീകരിച്ച് നിയമനം നടത്തുന്നതിലേയ്ക്ക് ക്ഷണിച്ച അപേക്ഷയുടെ അവസാന തീയതി നീട്ടിയത് സംബന്ധിച്ച് .

സൂചന :- 08/09/2026 തീയതിയിലെ ഇതേ ഫയൽ നമ്പർ സർക്കുലർ

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൻറെ നിയന്ത്രണത്തിലുള്ള സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിൽ പ്രിൻസിപ്പൾ തസ്തികയിലെ ഒഴിവുകളിലേയ്ക്ക് നിയമനം നടത്തുന്നതിനായി 01.03.2019 ലെ എ.ഐ.സി.ടി.ഇ മാനദണ്ഡങ്ങൾ പ്രകാരം സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലെ യോഗ്യരായ അദ്ധ്യാപകരിൽ നിന്നും സൂചന സർക്കുലർ പ്രകാരം 22/09/2026 അവസാന തീയതിയായി അപേക്ഷ ക്ഷണിച്ചിരുന്നു. പ്രസ്തുത അപേക്ഷ സമർപ്പിക്കുന്നതിൻറെ അവസാന തീയതി 25/09/2026 ആയി നീട്ടിയ വിവരം അറിയിക്കുന്നു. അപേക്ഷയും, അനുബന്ധങ്ങളും പൂരിപ്പിച്ച് ബന്ധപ്പെട്ട രേഖകൾ സഹിതം 25/09/2026, 5 PM നകം ഈ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.

Digitally signed by
Jayaprakash P
Date: 17-09-2026
17:01:33

Dr JAYAPRAKASH P
DIRECTOR

സ്വീകർത്താവ്,

1. ഈ വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപനമേധാവികൾക്കും ബന്ധപ്പെട്ട ജീവനക്കാർക്കും (www.dtekerala.gov.in എന്ന വെബ്സൈറ്റ് മുഖാന്തിരം).

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്